പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1280 10.08.2017-ലെ മറുപടിക്ക്

**'ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിയിൽ നിന്നും കശുമാവ് തോട്ടങ്ങളെ ഒഴിവാക്കുന്ന നടപടി '**

ചോദ്യം

ശ്രീ. എൽദോസ് പി.കുന്നപ്പിള്ളിൽ

ശ്രീ.റോജി എം.ജോൺ

ശ്രീ.സണ്ണിജോസഫ്

ശ്രീ.വി.ടി.ബൽറാം

മറുപടി

ശ്രീ.ഇ.ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭൂപരിഷ്കരണ നിയമം അനുശാസിക്കുന്ന പരമാവധി ഭൂപരിധിയിൽ നിന്നും കശുമാവ് തോട്ടങ്ങളെ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണെന്ന് വ്യക്തമാക്കുമോ; | (എ) | 2005 ലെ കേരള ഭൂപരിഷ്കരണ (രണ്ടാം ഭേദഗതി) ആക്ടിന്റെ 81-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ (എഫ്) ഖണ്ഡമായി കശുമാവിൻ തോട്ടം ഉൾപ്പെടുത്തി അതു വഴി കശുമാവിൻ തോട്ടങ്ങളെ പ്രസ്തുത ആക്ടിന്റെ 82-ാം വകുപ്പ് പ്രകാരം ഒരാൾക്ക് കൈവശം വയ്ക്കാവുന്ന പരമാവധി ഭൂപരിധി കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മേൽ ഭേദഗതി നിയമം പ്രാബല്യത്തിൽ വന്ന 19.06.2012-ൽ കശുമാവിൻ തോട്ടങ്ങളായി നിലനില്ക്കുന്ന വസ്തുക്കളെയാണ് സീലിംഗ് പരിധിയിൽ നിന്നും ഒഴിവാക്കുന്നത്. |
| (ബി) | ഒരു ഹെക്ടറിൽ എത്ര കശുമാവ് മരങ്ങൾ കൃഷി ചെയ്യുന്ന ഭൂമിയെയാണ് പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്; | (ബി) | ഒരു ഹെക്ടറിൽ 150-ൽ കുറയാത്ത കശുമാവ് മരങ്ങൾ പ്രധാനമായും കൃഷിചെയ്യുന്ന ഭൂമിയെയാണ് സീലിംഗ് പരിധിയിൽ നിന്നും ഒഴിവാക്കുന്നത്. |
| (സി) | നിലവിൽ കശുമാവ് കൃഷിയുള്ള തോട്ടങ്ങൾക്ക് മാത്രമാണോ ഇളവിന് അർഹത എന്ന് വെളിപ്പെടുത്താമോ; | (സി) & (ഡി) | 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ 81-ാം വകുപ്പിലെ 1-ാം ഉപവകുപ്പ് (എഫ്) പ്രാബല്യത്തിൽ വന്ന 19/06/2012-ൽ കശുമാവിൻ തോട്ടങ്ങളായി നിലനില്ക്കുന്ന വസ്തുക്കളെയാണ് ഭൂപരിധി കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നത്. പുതുതായി കശുമാവ് കൃഷി ആരംഭിക്കുന്ന തോട്ടങ്ങൾക്ക് ഇളവ് ബാധകമല്ല. |
| (ഡി) | പുതുതായി കശുമാവ് കൃഷി ആരംഭിക്കുന്ന തോട്ടങ്ങൾക്ക് ഇളവ് ബാധകമാണോയെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ